(സി) വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ അനധികൃതമായി നടപ്പിലാക്കിയിട്ടില്ല. അത്യന്താപേക്ഷിത സാഹചര്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ വിജയകരമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ജോലിയിൽ പരിചയമുള്ള ജീവനക്കാരെ മാത്രമാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളത്. ഇത് ഒരു താൽക്കാലിക സംവിധാനം മാത്രമാണ്. അതിനാൽ നടപടി ആവശ്യമുള്ളതായി കരുതുന്നില്ല.

പുഴയ്ക്കൽ പാടത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ

42 [2079] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പുഴയ്ക്കൽ പാടത്ത് വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എത്ര ഏക്കർ സ്ഥലമാണ് അക്വയർ ചെയ്തിട്ടുള്ളതെന്നും എത്ര സംഖ്യ ചെലവഴിച്ചെന്നും ഇവിടെ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) കിൻഫ്ര ഇവിടെ ഏതു പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് 51.41 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഭൂമി അക്വയർ ചെയ്യുന്നതിന് 1,64,32,290 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവിടെ ഒരു വ്യവസായ വികസന ഏര്യ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് സ്ഥലം അക്വയർ ചെയ്തിട്ടുള്ളത്.

(ബി) ഈ സ്ഥലം കിൻഫ്രക്കു കൈമാറുവാനുള്ള നിർദ്ദേശമുണ്ട്.

വ്യവസായ തൊഴിൽ മേഖലയിൽ സർക്കാർ അനുവർത്തിക്കുന്ന സമീപനങ്ങൾ

43 [2080] ശ്രീ. പി. സി. ജോർജ് :

" കോടിയേരി ബാലകൃഷ്ണൻ :

" എ. കെ. ബാലൻ :

" കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ തൊഴിൽ മേഖലയിൽ സർക്കാർ അനുവർത്തിക്കുന്ന നയസമീപനങ്ങളിൽ പ്രതിഷേധിച്ച് തൊഴിലാളി സംഘടനകൾ പ്രക്ഷോപത്തിലേർപ്പെട്ടിരിക്കുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത അസംഘടിത മേഖലയിലെ തൊഴിലാളികളെ സംബന്ധിക്കുന്ന എന്തെല്ലാം ഡിമാന്റുകളാണ് തൊഴിലാളി സംഘടനകൾ തൊഴിൽ വകുപ്പിന് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലാളി സംഘടനാപ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ; ഏതെല്ലാം സംഗതികളിൽ ചർച്ചയിൽ ധാരണയിലെത്തുകയുണ്ടായി; ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ട്രേഡ് യൂണിയനുകൾ പൊതുമേഖലാ വ്യവസായ സംരക്ഷണ ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ 2004 ഏപ്രിൽ 7 മുതൽ സത്യാഗ്രഹം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത അസംഘടിത മേഖലയിലെ സ്വർണ്ണത്തൊഴിലാളികൾ കളിമൺ വ്യവസായ തൊഴിലാളികൾ കക്ക നീറ്റൽ തൊഴിലാളികൾ തുടങ്ങിയവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ നിവേദനങ്ങളിലെ പ്രധാന ആവശ്യങ്ങൾ പ്രത്യേക ക്ഷേമനിധി ബോർഡുകൾ രൂപവൽക്കരിക്കുക, പെൻഷൻ അനുവദിക്കുക, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുക, വിവാഹ ആനുകൂല്യം അനുവദിക്കുക, അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ സാമ്പത്തിക സഹായം അനുവദിക്കുക, അവശത പെൻഷൻ അനുവദിക്കുക എന്നിവയാണ്. സ്വർണ്ണത്തൊഴിലാളികൾക്ക് വേതനം നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ആഭരണ നിർമ്മാണ തൊഴിലാളികൾ അവരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു നടത്തിയ അനിശ്ചിതകാല സമരത്തിൽ തൊഴിൽ വകുപ്പ് ഇടപെടുകയും പ്രശ്നം പരിഹരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത യൂണിയൻ ഉന്നയിച്ച ആവശ്യങ്ങളിൽ തൊഴിൽ വകുപ്പ് മുഖാന്തിരം നടപ്പാക്കേണ്ടതായ മിനിമം വേതനം നിശ്ചയിക്കൽ, ക്ഷേമപദ്ധതി നടപ്പിലാക്കൽ എന്നീ ആവശ്യങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലധിഷ്ഠിത പരിശീലന സംവിധാനം

44 [2031] ശ്രീ. എ. സി. മൊയ്തീൻ :

,, മത്തായി ചാക്കോ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദേശീയ തലത്തിൽ ഉരുത്തിരിഞ്ഞു വരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ തൊഴിലധിഷ്ഠിത പരിശീലന സംവിധാനം പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുനഃസംഘടന സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly